**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5295** **02-11-2021 - ൽ മറുപടിയ്ക്ക്**

**കായിക പ്രതിഭകൾക്കുള്ള ആനുകൂല്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | **Shri.V. Abdurahiman**<br>**(കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ കായിക പ്രതിഭകൾക്ക് പുതിയ എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകിവരുന്നത്; വിശദമാക്കാമോ; | (എ) | കായിക പ്രതിഭകൾക്കായുള്ള പ്രോത്സാഹന പദ്ധതികളുടെ ഭാഗമായി ദേശീയ, അന്തർദേശീയ മത്സരങ്ങളിൽ വിജയിച്ച് മെഡൽ നേടുന്ന കായികതാരങ്ങൾക്ക് ക്യാഷ് പ്രൈസ് നൽകി വരുന്നുണ്ട്. ടോക്യോ 2020 ഒളിമ്പിക്സിൽ മെഡൽ നേടിയ ഹോക്കി ടീമിലെ അംഗമായ ശ്രീ.പി.ആർ.ശ്രീജേഷിനും ഒളിമ്പിക്സിൽ പങ്കെടുത്ത മലയാളി കായികതാരങ്ങൾക്കും 2020-ലെ ഖേലോ ഇൻഡ്യ യൂത്ത് ഗെയിംസിൽ പങ്കെടുത്ത് വിജയിച്ച കായികതാരങ്ങൾക്കും ക്യാഷ് പ്രൈസ് നൽകിയിട്ടുണ്ട്. ദേശീയ അന്തർദേശീയ തലത്തിൽ മികവ് പുലർത്തിയ കായികതാരങ്ങൾക്ക് തുടർ പരിശീലനത്തിനുള്ള സാമ്പത്തിക സഹായവും സ്കോളർഷിപ്പും നൽകുന്നുണ്ട്. കായികതാരങ്ങൾക്ക് അവരുടെ കായിക മികവ്, പശ്ചാത്തലം എന്നിവയുടെ അടിസ്ഥാനത്തിൽ ചികിത്സാസഹായം, കായികോപകരണങ്ങൾ വാങ്ങുക തുടങ്ങിയ ആവശ്യങ്ങൾക്കായി സാമ്പത്തിക ആനുകൂല്യവും അനുവദിച്ചു വരുന്നുണ്ട്. |
| (ബി) | വേണ്ടത്ര സാമ്പത്തിക ഭദ്രതയും പരിശീലന സൗകര്യങ്ങളും ലഭിക്കാത്തതിനാൽ കായിക പ്രതിഭകൾക്ക് പൂർണ്ണമായും അവരുടെ കഴിവുകൾ പ്രകടിപ്പിക്കാൻ കഴിയാത്ത സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | വേണ്ടത്ര സാമ്പത്തിക ഭദ്രതയില്ലാത്ത കായികപ്രതിഭകൾക്കും മറ്റുള്ളവരോടൊപ്പം തന്നെ അവരുടെ കഴിവുകൾ പ്രകടിപ്പിക്കാനുള്ള സാഹചര്യമുണ്ട്. അത്തരം പ്രതിഭകൾക്ക് പ്രൈമറി സ്കൂൾ തലം മുതൽ സർക്കാർ ചെലവിൽ വിദഗ്ധ പരിശീലനം നൽകുന്നതിന്റെ ഭാഗമായി കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ കീഴിൽ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ മുഖേന ഒളിമ്പിക്സിൽ കേരള കായിക താരങ്ങൾ രാജ്യത്തിനായി മെഡൽ കരസ്ഥമാക്കുന്നത് ലക്ഷ്യമാക്കി തിരഞ്ഞെടുക്കപ്പെട്ട കായിക താരങ്ങൾക്ക് അന്തർദേശീയ നിലവാരത്തിലുള്ള പരിശീലനം നൽകുന്നതിന്റെ ഭാഗമായി "ഓപ്പറേഷൻ |

| | | | |
|---|---|---|---|
| | | | ഒളിമ്പ്യ" എന്ന ഒരു പദ്ധതി നടപ്പിലാക്കുകയും നിലവിൽ അത്ലറ്റിക്, ബോക്സിംഗ്, ബാഡ്മിന്റൺ, ഫെൻസിംഗ്, റോവിംഗ് എന്നീ ഇനങ്ങളിൽ പരിശീലനം നൽകുകയും ചെയ്യുന്നുണ്ട്. മികച്ച കായിക താരങ്ങൾക്ക് ശാസ്ത്രീയമായ ഉന്നത പരിശീലനം നൽകി ലോകോത്തര നിലവാരമുള്ള കളിക്കാരാക്കി മാറ്റുന്നതിന് അത്ലറ്റിക്സ്, വോളീബോൾ, ഫെൻസിംഗ്, ബാസ്കറ്റ് ബോൾ എന്നീ കായിക ഇനങ്ങളിൽ എലൈറ്റ് ട്രെയിനിംഗ് സെന്ററുകളും കൂടാതെ മികച്ച കായിക താരങ്ങളെ വാർത്തെടുക്കാനും കായിക താരങ്ങളെ ചെറുപ്രായത്തിൽ തന്നെ കണ്ടെത്തി വിദഗ്ധ പരിശീലനം നൽകുന്നതിനുമായി സംസ്ഥാനത്തൊട്ടാകെയുള്ള കായിക അക്കാഡമികൾ മുഖേന എട്ടാം ക്ലാസ്സ് മുതൽ ബിരുദാനന്തരബിരുദം വരെയുള്ള യോഗ്യരായ കായികതാരങ്ങളെ മാനദണ്ഡങ്ങൾ പാലിച്ച് തെരഞ്ഞെടുത്ത് പരിശീലനവും നൽകി വരുന്നു. പ്രസ്തുത സെന്ററുകളിലെ കായികതാരങ്ങൾക്ക് താമസവും പ്രത്യേക പോഷകാഹാരങ്ങൾ ഉൾപ്പെടുന്ന ഭക്ഷണവും പ്രഗൽഭരായ പരിശീലകരുടെ കീഴിൽ വിദഗ്ധ പരിശീലനവും നൽകി വരുന്നു. |
| (സി) | എങ്കിൽ അത്തരം പ്രതിഭകൾക്ക് പ്രൈമറി സ്കൂൾതലം മുതൽ സർക്കാർ ചെലവിൽ വിദഗ്ധ പരിശീലനത്തിന് സമഗ്ര പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ? | (സി) | വേണ്ടത്ര സാമ്പത്തിക ഭദ്രതയില്ലാത്ത കായികപ്രതിഭകൾക്കും മറ്റുള്ളവരോടൊപ്പം തന്നെ അവരുടെ കഴിവുകൾ പ്രകടിപ്പിക്കാനുള്ള സാഹചര്യമുണ്ട്. അത്തരം പ്രതിഭകൾക്ക് പ്രൈമറി സ്കൂൾ തലം മുതൽ സർക്കാർ ചെലവിൽ വിദഗ്ധ പരിശീലനം നൽകുന്നതിന്റെ ഭാഗമായി കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ കീഴിൽ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ മുഖേന ഒളിമ്പിക്സിൽ കേരള കായിക താരങ്ങൾ രാജ്യത്തിനായി മെഡൽ കരസ്ഥമാക്കുന്നത് ലക്ഷ്യമാക്കി തിരഞ്ഞെടുക്കപ്പെട്ട കായിക താരങ്ങൾക്ക് അന്തർദേശീയ നിലവാരത്തിലുള്ള പരിശീലനം നൽകുന്നതിന്റെ ഭാഗമായി "ഓപ്പറേഷൻ ഒളിമ്പ്യ" എന്ന ഒരു പദ്ധതി നടപ്പിലാക്കുകയും നിലവിൽ അത്ലറ്റിക്, ബോക്സിംഗ്, ബാഡ്മിന്റൺ, ഫെൻസിംഗ്, റോവിംഗ് എന്നീ ഇനങ്ങളിൽ പരിശീലനം നൽകുകയും ചെയ്യുന്നുണ്ട്. മികച്ച കായിക താരങ്ങൾക്ക് ശാസ്ത്രീയമായ ഉന്നത പരിശീലനം നൽകി ലോകോത്തര നിലവാരമുള്ള കളിക്കാരാക്കി മാറ്റുന്നതിന് അത്ലറ്റിക്സ്, വോളീബോൾ, ഫെൻസിംഗ്, ബാസ്കറ്റ് ബോൾ എന്നീ കായിക ഇനങ്ങളിൽ എലൈറ്റ് ട്രെയിനിംഗ് സെന്ററുകളും |

| | | | |
|---|---|---|---|
| | | | കൂടാതെ മികച്ച കായിക താരങ്ങളെ വാർത്തെടുക്കാനും കായിക താരങ്ങളെ ചെറുപ്രായത്തിൽ തന്നെ കണ്ടെത്തി വിദഗ്ധ പരിശീലനം നൽകുന്നതിനുമായി സംസ്ഥാനത്തൊട്ടാകെയുള്ള കായിക അക്കാഡമികൾ മുഖേന എട്ടാം ക്ലാസ്സ് മുതൽ ബിരുദാനന്തരബിരുദം വരെയുള്ള യോഗ്യരായ കായികതാരങ്ങളെ മാനദണ്ഡങ്ങൾ പാലിച്ച് തെരഞ്ഞെടുത്ത് പരിശീലനവും നൽകി വരുന്നു. പ്രസ്തുത സെന്ററുകളിലെ കായികതാരങ്ങൾക്ക് താമസവും പ്രത്യേക പോഷകാഹാരങ്ങൾ ഉൾപ്പെടുന്ന ഭക്ഷണവും പ്രഗൽഭരായ പരിശീലകരുടെ കീഴിൽ വിദഗ്ധ പരിശീലനവും നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ